## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1248 3.10.2016-ൽ മറുപടിയ്ക്ക്

## <u>സംസ്ഥാന മന്ത്രിസഭാ തീരുമാനങ്ങളും മിനിറ്റ്സും</u>

| | **ചോദ്യം**<br>ശ്രീ. മഞ്ഞളാംകുഴി അലി | | **ഉത്തരം**<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ പ്രകാരം മന്ത്രിസഭാ തീരുമാനങ്ങളും മിനിറ്റ്സും അപേക്ഷകർക്ക് നൽകേണ്ടതില്ലായെന്ന് ഈ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത്തരമൊരു തീരുമാനം കൈക്കൊണ്ടതിന് കാരണമെന്തെന്ന് അറിയിക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും | മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുന്നവർക്ക് നൽകുന്നതിൽ ഒരു തടസ്സവും നിലവിലില്ല. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്നു തന്നെയാണ് ഈ സർക്കാരിന്റെ നയം. 20.07.2016-ലെ സ.ഉ.(സാധാ) 20/2016/പൊഭ (എസ്.സി) ഉത്തരവ് പ്രകാരം മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, അത് പുറപ്പെടുവിച്ച ഉടൻ തന്നെ മന്ത്രിസഭായോഗത്തിന് സമർപ്പിച്ച കുറിപ്പുകൾ, തീരുമാനം എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം അവ kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നുമുണ്ട്. |
| (ബി) | മന്ത്രിസഭാ തീരുമാനങ്ങളും മിനിറ്റ്സും ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷൻ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | കേന്ദ്ര മന്ത്രിസഭയുടെ തീരുമാനങ്ങളും അജണ്ടയും വിവരാവകാശ നിയമപ്രകാരം നൽകണമെന്ന് നിഷ്ക്കർഷിച്ച് കേന്ദ്ര വിവരാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ